ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം




Vol. 64
No.: 11
November, 2021



www.ernakulamarchdiocese.org



# ആഗോളമെത്രാൻ സിനഡ്:

# അതിരൂപതാതല ഉദ്ഘാടനം

# 2021 ഒക്ടോബർ 17

# എറണാകുളം

# സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്ക

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL

എറണാകുളം മിസ്സം BULLETIN

## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. ആഗോള മെത്രാൻസിനഡ് - അതിരൂപതതല ഉദ്ഘാടനം

7. പുതിയ തക്സ - സിനഡ് തീരുമാനം

9. യൗസേപ്പിതാവർഷം - വിചിന്തനങ്ങൾ (9) - ദൈവത്തിന്റെ മുഖം പേറുന്നവൻ

11. Engagements

12. കച്ചേരിക്കാര്യം

12. നിര്യാതരായി

18. വാർത്തകളും വിശേഷങ്ങളും

19. Department of Catechesis

23. Department of Family Apostolate

26. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

30. അതിരൂപതാ കെ.സി.വൈ.എം.

33. AICO

34. നൈപുണ്യ ഇന്റർനാഷണൽ

37. അതിരൂപതാ ഡയറി

39. അതിരൂപതാ പിരിവുകൾ - 2019


**Editor: Rev. Fr. Varghese Perumayan**

Volume : **64**
Issue No. : **11**
Month : **November 2021**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: Rs. 15.00
Annual: Rs. 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam, Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings, Lisie Hospital Road, Ernakulam, Kochi 682018.
Published from Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Msgr. Panjikaren Joseph, Uzhuva | 1888 | 1918 | 4-11-1949 |
| Fr. Chathaparambil Antony, Kunnumpuram | 1920 | 1955 | 4-11-2010 |
| Fr. Payyappilly Mathai, Konthuruthy | 1883 | 1909 | 6-11-1939 |
| Fr. Kuzhiparambil George, Thaykkattussery | 1937 | 1964 | 8-11-2007 |
| Fr. Paravara Peter, Poonithura | 1909 | 1936 | 10-11-1983 |
| Fr. Cholenkary Gheevarghese, Vadayar | 1902 | 1933 | 11-11-1942 |
| Fr. Annassery George, Vaikom | 1913 | 1940 | 11-11-2003 |
| Fr. Vithayathil Joseph (P), Puthenpally | 1904 | 1933 | 12-11-1991 |
| Fr. Koluvan Payyappilly George, Thuravoor | 1884 | 1913 | 13-11-1966 |
| Fr. Puthussery Paulose, Puthenpally | 1851 | 1875 | 14-11-1930 |
| Fr. Manavalan Paulose, Kuthiathode (Old) | 1859 | 1889 | 14-11-1939 |
| Fr. Nalpat Sebastian, Koratty | 1909 | 1935 | 14-11-1985 |
| Fr. Payyappilly John, Akaparambu | 1916 | 1943 | 14-11-1992 |
| Fr. Menachery Joseph, Narakkal | 1857 | 1887 | 15-11-1943 |
| Fr. Kallarackal Paulose, Vallom | | | 16-11-1867 |
| Fr. Chakiath Paul, Karukutty | 1929 | 1955 | 18-11-2005 |
| Fr. Kareemadom Joseph, Vadayar | 1940 | 1964 | 18-11-2015 |
| Fr. Puduchery Antony, Edad | 1922 | 1945 | 22-11-1977 |
| Fr. Panjikaren Kuruvila, Muttom | 1900 | 1928 | 22-11-1978 |
| Fr. Chakiath Stanislaus, Thundathumkadavu | | | 25-11-1925 |
| Fr. Thaliath V. Thomas, Puthenpally | 1890 | 1918 | 25-11-1945 |
| Fr. Valamangalam Joseph, Kothavara | 1903 | 1932 | 26-11-1963 |
| Fr. Eravimangalam Alexander, Thykkattussery | 1925 | 1952 | 27-11-2008 |
| Msgr. Karedan Abraham, Muringoor | 1929 | 1956 | 28-11-2004 |

# ആഗോള മെത്രാൻ സിനഡിന്റെ അതിരൂപതാതല ഉദ്ഘാടനം

2023-ലെ ആഗോള മെത്രാൻ സിനഡിനു മുന്നോടിയായുള്ള എറണാകുളം-അങ്കമാലി അതിരൂപതാതല ഉദ്ഘാടനം മെത്രാപ്പോലീത്തൻ വികാരി ആർച്ച്ബിഷപ് മാർ ആന്റണി കരിയിൽ പിതാവ് 2021 ഒക്ടോബർ 17-ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ നിർവഹിച്ചു. ഇതോടനുബന്ധിച്ചു നടന്ന ദിവ്യബലിയിൽ വികാരി ജനറാൾ വെരി. റവ. ഡോ. ജോയി അയിനിയാടൻ, ബസിലിക്ക വികാരി വെരി. റവ. ഫാ. ഡേവിസ് മാടവന, റവ. ഡോ. മാർട്ടിൻ കല്ലുങ്കൽ എന്നിവർ സഹകാർമികരായി. ആഗോളതല സിനഡിന്റെ പ്രാധാന്യത്തെയും വിവിധതലങ്ങളിലുള്ള ഒരുക്കങ്ങളെയും സംബന്ധിച്ച് അഭിവന്ദ്യ പിതാവ് ദിവ്യബലി മധ്യേയുള്ള സന്ദേശത്തിൽ പ്രതിപാദിച്ചു.

മാർപാപ്പായ്ക്കു ലോകമെമ്പാടുമുള്ള മെത്രാന്മാരോടു സഭയ്ക്കകത്തും പുറത്തുമുള്ള പ്രധാനപ്പെട്ട വിഷയങ്ങളെക്കുറിച്ച് കൂടിയാലോചന നടത്താനുള്ള സ്ഥിരം സംവിധാനമാണ് മെത്രാന്മാരുടെ ആഗോള സിനഡ്. മാർപാപ്പ വിളിച്ചുകൂട്ടുന്ന ആഗോള സിനഡ് അഞ്ചു വർഷത്തിലൊരിക്കലാണ് സമ്മേളിക്കുന്നത്. 2023 ഒക്ടോബറിൽ റോമിൽ നടക്കാൻ പോകുന്ന മെത്രാന്മാരുടെ സിനഡ് ഇത്തരത്തിലുള്ള പതിനാറാമത്തെ സമ്മേളനമാണ്. 2023-ലെ ആഗോള സിനഡ് സഭയുടെ അടിസ്ഥാനപരമായ സിനഡൽ സ്വഭാവത്തെക്കുറിച്ച് കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം എന്നീ വിഷയങ്ങളിലൂന്നിയാണ് ചിന്തിക്കുന്നത്.

ആഗോളസിനഡിന്റെ വിഷയരൂപീകരണത്തിലും നടത്തിപ്പിലും സഭ മുഴുവന്റെയും സഭയ്ക്ക് പുറത്തുള്ളവരുടെയും കൂട്ടായ്മയും പങ്കാളിത്തവും പ്രകടമാകണമെന്ന ഫ്രാൻസിസ് മാർപാപ്പയുടെ നിർദേശത്തിന്റെ വെളിച്ചത്തിൽ മൂന്നു തലങ്ങളിലായാണ് സിനഡ് സംഘടിപ്പിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി എല്ലാ രൂപതകളിലും പ്രാദേശിക സഭാസമൂഹങ്ങളിലും വിപുലമായ കൂടിയാലോചനകൾ നടക്കും. ഈ കൂടിയാലോചനകളിലെ കണ്ടെത്തലുകൾ 2022 സെപ്റ്റംബർ മുതൽ 2023 മാർച്ച് വരെ ഓരോ ഭൂഖണ്ഡത്തിലെയും സഭാനേതൃത്വം ചർച്ച ചെയ്യും. ആദ്യ രണ്ടുതലങ്ങളിലുള്ള ചർച്ചകൾ മുന്നോട്ടുവയ്ക്കുന്ന കാര്യങ്ങളുടെ വെളിച്ചത്തിൽ 2023 ഒക്ടോബറിൽ റോമിൽ നടക്കുന്ന

സാർവത്രിക സഭാതലത്തിലുള്ള മെത്രാന്മാരുടെ സമ്മേളനത്തോടെ ആഗോള സിനഡിന് സമാപനമാകും.

റോമിലെ സിനഡ് സെക്രട്ടറിയേറ്റിന്റെ നിർദേശപ്രകാരം എറണാകുളം-അങ്കമാലി അതിരൂപതയിൽ, അതിരൂപത സിനഡൽ ടീം ആയിരിക്കും വിവിധ തലങ്ങളിലുള്ള പ്രവർത്തങ്ങൾക്കു നേതൃത്വം നൽകുക. ബ. മാർട്ടിൻ കല്ലുങ്കൽ അച്ചനെയാണ് അതിരൂപത സിനഡൽ ചർച്ചകൾ ക്രമീകരിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്. അതിരൂപതയിൽ സിനഡൽ ചർച്ചകൾ നാല് ഘട്ടങ്ങളായാണ് ക്രമീകരിച്ചിട്ടുള്ളത്. വിവിധതലങ്ങളിലുള്ള ചർച്ചകൾ സംഘടിപ്പിക്കുന്ന നേതൃസംഘത്തിനുള്ള പരിശീലനമാണ് ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. രണ്ടാമത്തെ ഘട്ടത്തിൽ ഇടവകകളിലും സ്ഥാപനങ്ങളിലുമുള്ള പ്രാഥമികതല ചർച്ചകൾ നടക്കണം. പ്രാഥമിക ചർച്ചകളിൽനിന്നു ലഭിക്കുന്ന നിർദേശങ്ങളിന്മേലുള്ള ഫൊറോനതല ചർച്ചകളാണ് മൂന്നാം ഘട്ടത്തിൽ നടക്കേണ്ടത്. ഈ ഘട്ടത്തിൽ തന്നെയാണ് അതിരൂപതയിലെ വിവിധ കാനോനിക സമിതികളുടേയും സംഘടനകളുടെയും സന്യാസസഭാ പ്രവശ്യകളുടെയും കൂടിയാലോചനകൾ നടക്കേണ്ടത്. നാലാമത്തെ ഘട്ടം, അതിരൂപതാതല ചർച്ചകൾക്കുള്ളതാണ്. അതിരൂപതാതല പ്രതിനിധി സമ്മേളനത്തിൽ മൂന്നാം ഘട്ടത്തിൽനിന്നുള്ള വിലയിരുത്തലുകളും നിർദേശങ്ങളും ചർച്ചചെയ്യുകയും അതിരൂപതയുടെ പൊതുറിപ്പോർട്ട് തയ്യാറാക്കുകയും സീറോമലബാർ സിനഡിന് സമർപ്പിക്കുകയും ചെയ്യും. ആഘോഷപൂർവ്വകമായ കൃതജ്ഞതാബലിയോടെ അതിരൂപതാതല സിനഡൽ ചർച്ചകൾക്ക് സമാപനമാകും.

നമ്മുടെ അതിരൂപതയിൽ പൊതുവിലും, ഇടവകകളിലും സംഘടനകളിലും സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും പ്രത്യേകിച്ചും, സിനഡ് വിഭാവനം ചെയ്യുന്ന 'ഒരുമിച്ചുനടക്കൽ' നമുക്കെത്രമാത്രം കഴിയുന്നുണ്ടെന്നും നമ്മുടെ ഇടയിലെ ശബ്ദമില്ലാത്തവരെയും നിശ്ശബ്ദരാക്കപ്പെട്ടവരെയും നമുക്കെങ്ങനെ കേൾക്കാനാകുമെന്നും വരുന്ന നാളുകളിൽ നാം പര്യാലോചിക്കേണ്ടതാണെന്ന് അഭിവന്ദ്യ കരിയിൽ പിതാവ് സന്ദേശത്തിൽ ഓർമ്മിപ്പിച്ചു.

ചാൻസലർ

George Cardinal Alencherry
Major Archbishop
Syro-Malabar Church

Prot. No. 0922/2021

## Decision of the Synod on the Implementation of the Revised Text & Uniform Mode of Celebration of Holy *Qurbana*

1. The Synod of Bishops of the Syro-Malabar Church unanimously decided to begin the celebration of Holy *Qurbana* using the revised text (*editio typica*) with the *recognitio* of the Apostolic See (Letter of the Oriental Congregation, Prot. N. 248/2004, dated 9 June 2021) with effect from the First Sunday of the Season of Annunciation (28 November 2021).
2. The Synod unanimously accepts the exhortation of the Holy Father Pope Francis through his letter dated 3 July 2021, addressed to the bishops, clergy, religious and laity of the Syro-Malabar Church, to implement the uniform mode of celebration of the Holy *Qurbana* in all eparchies in the Syro-Malabar Church as decided by the November 1999 Synod and reiterated by the Synodal Sessions in 2020 and approved by the Congregation for the Eastern Churches (Prot. N. 1796/99, dated 17 December 1999; Prot. N. 248/2004 dated 9 November 2020 & 9 June 2021) together with the implementation of the revised text of Holy *Qurbana* from the First Sunday (28 November) of the Season of Annunciation 2021. The Congregation through its letter dated 9 June 2021 has specified the uniform mode of celebration as follows: “the celebrant shall face the faithful at the *Bema* during the Liturgy of the Word, turn towards the Altar - in the same direction that the faithful are facing - for the Liturgy of the Eucharist, and once again face the faithful during the concluding rites after Holy Communion” (Prot. N. 248/2004).
3. The bishops of certain Eparchies who expressed their difficulties to implement the decision in the whole eparchy will, abiding by the above mentioned decisions, introduce the uniform mode of celebration starting with the cathedrals, pilgrim centers, religious communities, possible parishes, minor seminaries and other formation centers on 28 November 2021 itself. By effective catechesis, the uniform mode shall be gradually introduced in the whole eparchy as early as possible, not later than Easter 2022 (17 April 2022).
4. In this regard, the directives from the Congregation for the Eastern Churches in its letter dated 09 November 2020 (Prot. N. 248/2004) about dispensation by eparchial bishops as per provisions of CCEO c. 1538 § 1 are to be

**George Cardinal Alencherry**
**Major Archbishop**
**Syro-Malabar Church**

followed. The Congregation states: "precision is necessary on the question of dispensations: as the *Codex Canonum Ecclesiarum Orientalium* clearly says, these must be given in a "special case" (can. 1538 § 1) for the spiritual good of the faithful. By their very nature, they should not come to appear as general permission for something that cannot legitimately be authorized in opposition to the common norms. Therefore, Bishops should have recourse of dispensations only for well-defined times and for specific reasons".

5. From the First Sunday of Annunciation 2021, all the Bishops will celebrate the Holy *Qurbana* in the uniform mode everywhere in the Syro-Malabar Church.

6. Apostolic Visitation in Europe, the Syro-Malabar Communities in Gulf countries and other places where the Syro-Malabar Church does not have jurisdiction, all the bishops and priests will celebrate the Holy *Qurbana* in the uniform mode.

7. The Synod should think of formulating an effective liturgical catechesis catering to the specific needs of the new mission areas.

8. The options given to the celebrant shall not be reserved by eparchial bishops as it is clarified by the Congregation for the Eastern Churches through its letter dated 9 November 2020 (Prot. N. 248/2004).

9. Innovations in Liturgy in matters like rituals, vestments, symbols, prayers etc. are to be introduced only with the consent of the Synod of Bishops of the Syro-Malabar Church.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas Kakkanad on 27 August 2021.

Cardinal George Alencherry
Major Archbishop of the Syro-Malabar Church

MAR GEORGE ALENCHERRY • MAJOR ARCHBISHOP OF THE SYRO-MALABAR CHURCH

The Syro - Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in

യൗസേപ്പിതാവർഷം – വിചിന്തനങ്ങൾ: 9

# ദൈവത്തിന്റെ മുഖം പേറുന്നവൻ

*ഫാ. ജോസ് ഓലിയപ്പുറത്ത്*

ദൈവമഹത്വത്തെപ്രതി സ്വന്തം മുഖം വേണ്ടന്നുവച്ച വ്യക്തിയാണ് വിശുദ്ധ യൗസേപ്പ്. ജീവിതം ദൈവസ്വരത്തിനു കീഴ്പ്പെടുത്തി ദൈവം ഏല്പിച്ച കാര്യങ്ങൾക്കായി തന്നെ മുഴുവനായി സമർപ്പിച്ചപ്പോൾ തന്റെ മുഖം യൗസേപ്പ് വേണ്ടെന്നുവച്ചു, ദൈവത്തിന്റെ മുഖമണിഞ്ഞു. ഒരു മനുഷ്യന്റെ ജീവതന്തുവിനെ സ്വത്വം എന്നുപറയാം. ദൈവത്തിനായി സ്വത്വം വിധേയപ്പെടുത്തുന്നവൻ, തന്റെ സ്വത്വം ശുശ്രൂഷയ്ക്കായി സമർപ്പിച്ചുകൊണ്ട് മുഖമില്ലാത്തവനായി മറ്റുള്ളവരുടെ മുഖം രക്ഷിക്കാൻ സ്വയം നൽകുന്നതാണ്. സ്വന്തം മുഖമെന്നത് ദൈവത്തിൽ തനിക്കേല്പിക്കപ്പെട്ടിരിക്കുന്നവരുടെ മുഖമായി തന്നെത്തന്നെ കാണുന്നവനാണവൻ. ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ ദൈവത്തിന്റെ പദ്ധതികൾ തന്റെ പദ്ധതികളായി യൗസേപ്പ് സ്വീകരിച്ചു. അവിടെ ദൈവസ്വരം കേൾക്കാൻ കാതോർത്തു. ദൈവിക വെളിപാടുകൾ കാണാനും കേൾക്കാനും തന്റെ മുഖം ദൈവത്തിന്റെ മുഖമാക്കി രൂപാന്തരപ്പെടുത്താൻ യൗസേപ്പിനു കഴിഞ്ഞു. ദൈവം തനിക്കയയ്ക്കുന്ന സന്ദേശങ്ങൾ അനായാസം വായിച്ചെടുക്കാൻ യൗസേപ്പിനു കഴിഞ്ഞു. അതിനായി അവൻ നിരന്തരം ശ്രമിച്ചു. അത് അദ്ദേഹത്തിനും തനിക്കു ഭരമേല്പിക്കപ്പെട്ടവർക്കും അനുഗ്രഹമായി.

വിശുദ്ധഗ്രന്ഥം പുതിയനിയമം യൗസേപ്പിനെ ഒരു സാധാരണക്കാരനായി ചിത്രീകരിക്കാൻ ശ്രമിക്കുന്നത് ശ്രദ്ധേയമാണ്. യേശുവിന്റെ ഭൗമിക പിതാവിനെക്കുറിച്ച് ഔദ്യോഗികതലങ്ങളിൽ വിശ്വാസിസമൂഹം പൊതുവെ തമസ്കരിക്കുന്ന നിലപാടാണെടുത്തിട്ടുള്ളത്. എന്നാൽ, രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ ശക്തവും വസ്തുനിഷ്ഠവും വ്യക്തിനിഷ്ഠവുമാണ്. ദാവീദ് വംശജനെങ്കിലും യൗസേപ്പ് സാധാരണക്കാരനായിരുന്നു. നാട്ടിൻപുറത്തെ മരപ്പണിക്കാരൻ. അന്നന്നത്തെ അപ്പത്തിനായി കഠിനാദ്ധ്വാനം ചെയ്യുന്നവൻ. ദൈവപരിപാലനത്തിന്റെ, സാധാരണത്വത്തിന്റെ, ഗ്രാമീണ നിഷ്കളങ്കതയുടെ ചൂടും ചൂരും പേറുന്നവൻ. അവൻ അറിയപ്പെടാത്തവനായിരുന്നു. പ്രത്യേകതകൾ ഒന്നും


തന്നെയില്ലാതിരുന്ന ഗ്രാമവാസി. യഥാർത്ഥത്തിൽ അവൻ നിശ്ശബ്ദ സാന്നിധ്യമായിരുന്നു. എങ്കിലും, അവന്റെ മൗനം വാചാലമായിരുന്നു. മാത്രമല്ല, അവൻ ആവശ്യനേരത്തെ മാധ്യസ്ഥ്യനുമായിരുന്നു എന്നു പറയുന്നതിലും തെറ്റില്ല. കാരണം, താനൊരനിവാര്യതയാണെന്ന് ഒരിക്കലും ചിന്തിച്ചില്ല. തനിക്കേല്പിക്കപ്പെട്ടിരിക്കുന്നവരുടെ, ജീവൽസംരക്ഷണത്തിന്റെ, പ്രതീക്ഷകൾ സഫലമാകുന്നതിന്റെ, മാനംരക്ഷിക്കുന്നതിന്റെ, സ്നേഹോഷ്മളതയുടെ, സംരക്ഷണകരവലയത്തിന്റെ പ്രയാസങ്ങളിലെല്ലാം സഹായമാകുന്ന സാന്നിധ്യം. 'എല്ലാം നിർവ്വഹിച്ചതിനുശേഷം 'ഉപയോഗമില്ലാത്ത ദാസനാ'ണ് താൻ എന്ന മനോഭാവം. ഇതിനാലായിരിക്കണം വിശുദ്ധ ക്രിസോസ്തോം യൗസേപ്പിനെക്കുറിച്ചു പറഞ്ഞത് 'യൗസേപ്പ് രക്ഷാകരപദ്ധതിയുടെ ശുശ്രൂഷകനാണ്' എന്ന്. രക്ഷകന്റെ സംരക്ഷണത്തിന് തന്നത്തന്നെ നൽകിയവൻ. രക്ഷകന്റെ പദ്ധതികൾ നടപ്പാക്കുന്നതിന് ദൈവത്താൽ നിയുക്തനായി സ്നേഹത്തിന്റെ ബലിവസ്തുവായി നൽകിയവൻ.

പച്ചഭാഷയിൽ പറഞ്ഞാൽ, മാന്യതയുടെ മകുടമാണ് യൗസേപ്പ്. ഇപ്രകാരമൊരു വിശേഷണം യൗസേപ്പിനു നൽകുന്നതിന് എന്തെങ്കിലും സാധ്യതയുണ്ടോ? യൗസേപ്പിനെക്കുറിച്ച് മത്തായിയുടെ സുവിശേഷം പറയുന്നത് 'യൗസേപ്പ് രഹസ്യത്തിൽ തന്റെ ഭാര്യയെ ഉപേക്ഷിക്കാൻ തീരുമാനിച്ചു'വെന്നാണ്. മറിയം തനിക്കു ചേരാത്തവളായിത്തീർന്നെന്ന കാര്യം പ്രത്യക്ഷത്തിൽ യൗസേപ്പിനുമാത്രമേ അറിയാമായിരുന്നുള്ളൂ. അവളെയോ നാട്ടുകാരെയോ അക്കാര്യം അറിയിച്ച് അലോസരപ്പെടുത്തേണ്ടതില്ല. 'ഇത് താനും ദൈവവും തമ്മിലുള്ള കാര്യമാണ്, അതിനാൽ, അത് ദൈവത്തിനു വിട്ടേക്കാം' എന്ന് യൗസേപ്പു ചിന്തിച്ചു. ഇതാണ് വിശുദ്ധഗ്രന്ഥം സൂചിപ്പിക്കുന്നത് (ഇതെത്തുടർന്നാണ് ദൈവത്തിന്റെ ഇടപെടൽ സംഭവിക്കുന്നത്). അപരന്റെ കുറവുകൾ കണ്ടെത്തി അവയെ പർവതീകരിച്ചു കാണിച്ച് അതിൽനിന്നും മുതലെടുപ്പു നടത്തുകയോ പ്രസ്തുത വ്യക്തിയെ തേജോവധം ചെയ്ത് സന്തോഷിക്കുകയോ ചെയ്യുന്ന ഒരു സമൂഹത്തിലാണ് ഇന്നു മനുഷ്യൻ. അപരന്റെ കുറവുകൾ, ബലഹീനതകൾ തുടങ്ങിയവ അയൽക്കാരന്റെ ആഘോഷത്തിന്റെ, പകവീട്ടലിന്റെ, വേട്ടക്കാരൻ ഇരപിടിക്കുന്നതിന്റെ 'ത്രിൽ' ആയിക്കാണുന്ന അവസ്ഥയാണിന്നുള്ളത്. അപരനെ/അയല്ക്കാരനെ അമാന്യനാക്കി, വിവസ്ത്രനാക്കി കാണിച്ച് ആഹ്ലാദിക്കുന്ന സ്വഭാവവൈകൃതങ്ങളേറിവരുന്ന കാലത്താണ് ഇന്നു മനുഷ്യൻ. ഒരു

വ്യക്തിക്കോ ഒരു സമൂഹത്തിനോ അറിഞ്ഞോ അറിയാതെയോ സംഭവിക്കുന്ന ബലഹീനതകൾ ചൂഷണം ചെയ്ത് ജീവിക്കുന്ന സമൂഹമധ്യത്തിൽ അപരന്റെ ബലഹീനതകളിലേക്കു വിരൽചൂണ്ടാതെ, ഭയപ്പെടുത്തി കാര്യം നേടാതെ യൗസേപ്പ് മാന്യനായി, ഒരു ചോദ്യചിഹ്നമായി സമൂഹമധ്യേ നിലകൊള്ളുന്നു.

*(എസ്.എച്ച്. ലീഗ് പ്രസിദ്ധീകരിച്ച "വിശുദ്ധ യൗസേപ്പ് പിതാവും ഗുരുവും" എന്ന ഗ്രന്ഥത്തിൽനിന്ന്, പേജ് 198-201)*

# ENGAGEMENTS



## Archbishop Antony Kariyil

### Vicar of the Major Archbishop

## NOVEMBER 2021

| | | | |
|---|---|---|---|
| 01 | am | Aluva | FCC General Chapter |
| 02 | am | Basilica, Ekm. | Holy Mass |
| 04 | pm | Kaloor | Lisie Board Meeting |
| 07 | am | Online | Vivahothsavu - Holy Mass |
| | | | C/o Family Apostolate |
| 10 | am | Muppathadom | Priestly Ordination |
| 14 | pm | Alangad - Kunnel | Jubilee Celebration |
| 20 | pm | Ernakulam | St. Agustine School Centenary Celebration |
| 21 | am | Neendoor | Parish Declaration |
| 26 | pm | Karukutty | CMI Ashram - Jubilee Celebration |
| 27 | am | Karippassery | SABS Convent Blessing |
| | pm | Pothiyakkara | New Church Consecration |
| 28 | am | Kottakkavu | Blessing of Karunya Bhavans |

# കച്ചേരിക്കാര്യം

## ഇടവക പ്രതിനിധിയോഗം/കുടുംബകൂട്ടായ്മ

കോവിഡ് 19-ന്റെ സാഹചര്യം മൂലം തെരഞ്ഞെടുപ്പ് നടത്താനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 22/07/2021-ന് സർക്കുലർ 07/2021 പ്രകാരം ഇടവക പ്രതിനിധിയോഗത്തിന്റെയും കുടുംബ യൂണിറ്റ് ഭാരവാഹികളുടെയും കാലാവധി 2021 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിരുന്നുവല്ലോ. **കോവിഡ് നിയന്ത്രണങ്ങൾക്ക് ഇളവുകൾ പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ 2021 നവംബർ, ഡിസംബർ മാസങ്ങളിൽ ഇടവകകളിൽ തെരഞ്ഞെടുപ്പ് നടത്തി 2022 ജനുവരി മാസം ആദ്യ ആഴ്ചയിൽ പുതിയ ഭാരവാഹികൾ ചുമതലയേൽക്കത്തക്കവിധം ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.**

**ഫാ. ഹോർമിസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**



# നിര്യാതരായി

## ഫാ. ജോസഫ് പുഞ്ചപുതുശ്ശേരി



**ജനനം: 03-09-1934**
**തിരുപ്പട്ടം: 31-12-1964**
**മരണം: 03-10-2021**

ബ. ജോസഫ് പുഞ്ചപ്പുതുശ്ശേരി അച്ചൻ 1934 സെപ്റ്റംബർ 03-ാം തീയതി കിഴക്കമ്പലം ഇടവകയിലെ പുഞ്ചപ്പുതുശ്ശേരി ചാക്കോ-അന്നം ദമ്പതികളുടെ 6 മക്കളിൽ ഒരാളായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് മംഗലപ്പുഴ സെമി

നാരിയിൽ നിന്ന് വൈദിക പരിശീലനം പൂർത്തിയാക്കി 1964 ഡിസംബർ 31-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ എറണാകുളം ബസിലിക്ക, കാഞ്ഞൂർ എന്നീ ഫൊറോനപ്പള്ളികളിൽ സഹവികാരിയായും തുടർന്ന് ഏലൂർ, ഫോർട്ട് കൊച്ചി, സൗത്ത് വാഴക്കുളം, പെരുമ്പാവൂർ, എളംകുളം, മാതാനഗർ, ചുണങ്ങംവേലി, ഐമുറി, താന്നിപ്പുഴ, തദേവൂസ്പുരം, കിഴക്കമ്പലം, കൈപ്പട്ടൂർ, കാർഡിനൽ നഗർ, തൃക്കാക്കര എൻ.ജി.ഒ. ക്വാർട്ടേഴ്സ്, ഞാറള്ളൂർ എന്നീ ഇടവകകളിൽ വികാരിയായും സ്തുത്യർഹമായ രീതിയിൽ അജപാലന ശുശ്രൂഷ നിർവഹിച്ചു. പിതൃസ്വത്തായി അച്ചനു ലഭിച്ച ഭൂമി ദാനം ചെയ്തുകൊണ്ട് പാവപ്പെട്ടവർക്കായി വീടുനിർമ്മിച്ചു നല്കുന്ന അതിരൂപതയുടെ കാരുണ്യഭവനം പദ്ധതിയിലൂടെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ കാരുണ്യത്തിന്റെ മുഖമായത് സവിശേഷമായ സാക്ഷ്യമായി. വിവിധ ഇടവകകളിലെ അജപാലനശുശ്രൂഷകൾക്കു ശേഷം സ്വഭവനത്തിൽ വിശ്രമജീവിതം നയിച്ചുവരവേയാണ് വാർധക്യസഹജമായ അസുഖങ്ങളാൽ ബ. ജോസഫ് പുഞ്ചപ്പുതുശ്ശേരിയച്ചൻ 87-ാം വയസ്സിൽ 2021 ഒക്ടോബർ 03-ാം തീയതി, ഞായറാഴ്ച, വെളുപ്പിന് 4.00 മണിക്ക് ഈ ലോകത്തിൽനിന്നും വിടപറഞ്ഞത്.

ബ. ജോസഫ് അച്ചന്റെ മൃതദേഹം നാലാം തീയതി തിങ്കളാഴ്ച രാവിലെ കിഴക്കമ്പലം സെന്റ് ആന്റണീസ് ഫൊറോനാ പള്ളിയിൽ പൊതുദർശനത്തിനു വച്ചശേഷം ഞാറള്ളൂരിലെ അച്ചന്റെ സ്വവസതിയിലെത്തിച്ച് പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തി. മൃതസംസ്കാര കർമ്മങ്ങളുടെ മൂന്നാം ഭാഗത്ത് എറണാകുളം-അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. കുടുംബക്കാരായ ബ. ജോസ് പോൾ പുഞ്ചപ്പുതുശ്ശേരി സി. എം. ഐ., ബ. ജേക്കബ് പുഞ്ചപ്പുതുശ്ശേരി സി. എം. ഐ., ബ. ബേസിൽ പുഞ്ചപ്പുതുശ്ശേരി എന്നീ വൈദികർ കരിയിൽ പിതാവിനോടൊപ്പം സഹകാർമ്മികരായി.

ഞാറല്ലൂർ പള്ളി മുൻവികാരി ബ. എബി ഇടശ്ശേരിയച്ചനാണ് വിശുദ്ധ കുർബാന മധ്യേയുള്ള തിരുവചന സന്ദേശം നൽകിയത്. തന്റെ അനുഭവത്തിലെ പുഞ്ചപുതുശ്ശേരി അച്ചനെ എബിയച്ചൻ ഓർത്തെടുത്തത് ഇങ്ങനെയാണ്: ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നതു ദൈവത്തിന്റെ സ്നേഹത്തിന്റെ പരിപൂർണതയിലേക്കു നാമെല്ലാം വളരണമെന്നാണ്. അതു തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ നമുക്കു മനസിലാക്കാൻ

സാധിക്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുക, സ്നേഹിക്കുന്നതിലൂടെ പിതാവായ ദൈവത്തിന്റെ സ്നേഹത്തിലേക്കു വളരുക. ദൈവത്തിന്റെ കാരുണ്യത്തിന്റെ മുഖം ഒപ്പിയെടുത്ത് ഏറ്റവും വിശ്വസ്തതയോടെ പൗരോഹിത്യം ജീവിച്ച വ്യക്തിയായിരുന്നു പുഞ്ചപുതുശ്ശേരിയച്ചൻ. ദൈവത്തിന്റെ സ്നേഹവും കാരുണ്യവും ജീവിതത്തിലുടനീളം ആശ്ലേഷിക്കാനും അതു ജീവിതത്തിൽ പകർത്താനും പരിശ്രമിച്ച പൗരോഹിത്യത്തിന്റെ പാഠപുസ്തകമാണ് അദ്ദേഹം. ഞാറള്ളൂരിൽ സേവനം ചെയ്യാൻ വരുമ്പോൾ എന്നോടു മറ്റു വൈദികർ പറയുമായിരുന്നു ജോസഫച്ചന്റെ കൂടെയാണു താമസിക്കാൻ പോകുന്നതെന്ന്. ചെറിയൊരു ആശങ്ക എനിക്കുണ്ടായിരുന്നെങ്കിലും അച്ചൻ എന്നെ വളരെ സ്നേഹത്തോടും വാത്സല്യത്തോടും കൂടിയാണ് സ്വീകരിച്ചത്. എന്റെ മനസിൽ ഇപ്പോഴും തങ്ങിനിൽക്കുന്ന ഒരു ചിത്രമുണ്ട്. ഞാൻ ഇവിടെ നിന്ന് സ്കൂളിലേക്ക് പഠിപ്പിക്കാനായി പോകുമ്പോൾ, അച്ചൻ വരാന്തയിൽ നിന്നു റ്റാറ്റ തന്ന് എന്നെ യാത്രയാക്കുന്ന ചിത്രം. 80 വയസ്സായ അച്ചൻ അത്താഴം കഴിക്കാൻ 40 വയസുകാരനായ എന്നെ കാത്തിരിക്കും. ഞാൻ അല്പം വൈകിയാലും അച്ചൻ വന്നിട്ട് കഴിക്കാം എന്നു പറഞ്ഞു കാത്തുനിൽക്കുന്ന ജോസഫച്ചൻ.

ദൈവത്തിന്റെ സ്നേഹത്തിന്റെ ആർദ്രത ഉള്ളിന്റെ ഉള്ളിൽ നിറഞ്ഞുനിന്ന വ്യക്തിയായിരുന്നു ജോസഫച്ചൻ. ഇതിന്റെ പരസ്യമായ പ്രകടനമായിരുന്നു നമുക്ക് കാരുണ്യവർഷത്തിൽ 'കാരുണ്യ വില്ല' എന്ന പദ്ധതി രൂപീകരിക്കാൻ സാധിച്ചത്. 42 കുടുംബങ്ങൾ ഇപ്പോൾ അവിടെ താമസിക്കുന്നുണ്ട്. ഇനിയും ഭവനങ്ങൾ പണിയാനുള്ള സാധ്യതകൾ അവിടെയുണ്ട്. അതിനോടു ചേർന്ന്, ഡിപോൾ സമൂഹത്തിന് സ്ഥലം നൽകിയിട്ടുണ്ട്. മഠത്തിന് സ്ഥലം നൽകിയിട്ടുണ്ട്. പിതൃസ്വത്തായി അച്ചനു ലഭിച്ച സ്ഥലമാണ് ഇതെല്ലാം. ദൈവ സ്നേഹത്തിന്റെ പരിപൂർണതയിലേക്ക് വളരാൻ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ എന്ന വചനത്തിന്റെ 100% പൂർത്തീകരണമാണ് നമുക്കിവിടെ കാണാൻ സാധിക്കുന്നത്. ഞാറള്ളൂരിലെ പള്ളിമേട പണിയുന്നത് അച്ചന്റെ 25-ാം ജൂബിലി വർഷത്തിലാണ്; ജീവിതത്തിലുടനീളം സ്വന്തമായി ലഭിച്ചവയെല്ലാം വ്യയം ചെയ്തയാളാണ് അച്ചൻ. സഹപാഠികളോട് സ്നേഹവും വാത്സല്യവും പ്രകടിപ്പിച്ചിരുന്ന ജോസഫച്ചനെയാണ് ചക്യത്ത് പിതാവ് ഓർക്കുന്നത്.

സന്യാസജീവിതത്തിന്റെ പക്വത ജീവിതത്തോടു ചേർത്തുവച്ചയാളാണ് എന്നതാണ് മറ്റൊരടയാളം. അല്പം കാർക്കശ്യക്കാരനാണെന്നു തോന്നുമെങ്കിലും വളരെ ലളിതമായ ജീവിതമാണ് അച്ചൻ നയിച്ചിരുന്നത്. ഉള്ളിൽ സ്നേഹം നിറഞ്ഞ ഒരപ്പനെ പോലെയായിരുന്നു. അച്ചന്റെ മുറിയിൽ എ.സി. വയ്ക്കാൻ ഞാൻ നിർബന്ധിച്ചെങ്കിലും ഒരിക്കലും അച്ചനതിന് സമ്മതിച്ചിരുന്നില്ല. പ്രായത്തിന്റെ ശാരീരിക ബുദ്ധിമുട്ടുകളിലൂടെ യാത്രചെയ്തപ്പോഴും അദ്ദേഹം ലാളിത്യം മുറുകെ പിടിച്ചു. അച്ചൻ ഒത്തിരി കാരുണ്യ പ്രവൃത്തികൾ ചെയ്തിരുന്നെങ്കിലും അതൊരിക്കലും പ്രകടനപരതയ്ക്കു വേണ്ടിയായിരുന്നില്ല. ഉള്ളിന്റെയുള്ളിൽ അച്ചൻ കാരുണ്യത്തിന്റെ മുഖം സൂക്ഷിച്ചിരുന്നു. അതിനാൽ തന്നെയാണ് അച്ചൻ സന്യാസജീവിതത്തിന്റെ അടയാളമുദ്രകൾ പതിപ്പിച്ച് ഇവിടെ നിന്നുപോകുന്നത്.

ബ. ജോസഫച്ചൻ വിജോഭവനിൽനിന്ന് തിരിച്ച് വീട്ടിലേക്കു വന്നപ്പോൾ തീർത്തും അവശനായിരുന്നുവെങ്കിലും, കുടുംബക്കാരെല്ലാം വളരെ സന്തോഷത്തോടെയാണ് അച്ചനെ ശുശ്രൂഷിച്ചിരുന്നത്. അന്ത്യകാലത്തിൽ അച്ചൻ വളരെ വേദനയോടെ കടന്നുപോയെങ്കിലും അച്ചന്റെ സഹോദരങ്ങൾ വളരെ ഹൃദ്യമായിട്ടാണ് അച്ചനെ പരിപാലിച്ചത്. ഒത്തിരിപേർക്ക് കാരുണ്യത്തിന്റെ മുഖം കാണിച്ചുകൊടുത്തിട്ടാണ് ബ. ജോസഫച്ചൻ യാത്രയാകുന്നത്. ചക്യത്ത് പിതാവ് ഓർമ്മിക്കുന്നതുപോലെ ഇടയ്ക്കിടയ്ക്ക് അച്ചനു ദേഷ്യം വരും; എന്നാലും പെട്ടെന്നു തന്നെ തീരുകയും ചെയ്യും. അത് സ്നേഹത്തിന്റെ പ്രതിഫലനം തന്നെയാണ്. പൗരോഹിത്യജീവിതം ഏറെ വെല്ലുവിളി നേരിടുന്ന ഈ സമയത്ത് അച്ചന്റെ പൗരോഹിത്യജീവിതം എന്നും മഹനീയമാതൃകയായി നിലനിൽക്കട്ടെ.

ജോസഫ് പുഞ്ചപ്പുതിശ്ശേരി അച്ചന്റെ മൃതദേഹസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗത്ത് അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവാണ് തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചത്. തന്റെ സന്ദേശത്തിൽ പിതാവ് ഇപ്രകാരം പറഞ്ഞു. ബ. പുഞ്ചപുതുശ്ശേരി അച്ചൻ വിശ്രമജീവിതത്തിലേക്കു പ്രവേശിച്ചതിനുശേഷമാണ് ഞാൻ നമ്മുടെ അതിരൂപതയിൽ ശുശ്രൂഷയ്ക്കായി വരുന്നത്. എങ്കിലും, അതിനുമുമ്പു തന്നെ ഞാൻ അച്ചനെക്കുറിച്ച് അറിഞ്ഞിട്ടുണ്ട്. അച്ചൻ വിശ്രമജീവിതത്തിൽ കഴിഞ്ഞിരുന്ന കാലത്താണു പൗരോഹിത്യസുവർണ്ണജൂബിലിയുടെ ആഘോഷം ഈ ഇടവകയിൽ നടത്തിയത്.

അതിൽ സംബന്ധിച്ചത് ഞാൻ ഓർക്കുന്നു. അച്ചൻ തന്റെ അജപാലന ശുശ്രൂഷയിൽ ദൈവജനത്തിന് പ്രീതികരമായ ശുശ്രൂഷ ചെയ്തതു കൊണ്ട് നമുക്കെല്ലാവർക്കും അച്ചനോട് വലിയ താത്പര്യവും സ്നേഹവും വിശ്വാസവും ഒക്കെ ആയിരുന്നു. അതുപോലെതന്നെ അദ്ദേഹത്തിന്റെ വീക്ഷണത്തിൽ സഭയും സമർപ്പിത സമൂഹങ്ങളും ഒക്കെ എപ്പോഴും ഉണ്ടായിരുന്നു. അതിന്റെ ഫലമായിട്ടുകൂടിയാണു നാം മനസ്സിലാക്കുന്നതുപോലെ അച്ചൻ സാമൂഹികപ്രതിബദ്ധതയോടുകൂടി തനിക്കു കുടുംബത്തിൽ നിന്നും അല്ലാതെയുമൊക്കെ ലഭിച്ച പണം ചിലവഴിച്ചതെന്നു നമുക്ക് അറിയാമല്ലോ. അതിരൂപതയോടു നല്ല സ്നേഹമായിരുന്നു അദ്ദേഹത്തിന്. ഞാറള്ളൂർ പ്രദേശത്ത് പ്രേഷിതാരാം മഠത്തിന്റെയും വിൻസെന്റ് ഡി പോൾ പ്രവർത്തനത്തിന്റെയുമൊക്കെ കാര്യത്തിൽ വളരെ വലിയ ഒരു വികസനം ബഹുമാനപ്പെട്ട അച്ചനിലൂടെ വന്നിട്ടുണ്ട്. അതെല്ലാം നമുക്ക് ഈ സമയം കൃതജ്ഞതയോടെ അനുസ്മരിക്കാം. അച്ചനെ കുറിച്ചുള്ള ഓർമ്മ തീർച്ചയായും ഈ പ്രദേശത്ത് എക്കാലവും സ്മരിക്കപ്പെടുകയും അച്ചന്റെ ശുശ്രൂഷകളുടെ ഫലമായി കിട്ടിയിട്ടുള്ള സത്ഫലങ്ങളെയോർത്ത് ഇവിടെയുള്ളവർ ദൈവത്തെ പ്രകീർത്തിക്കുകയും ചെയ്യും എന്നുള്ളതിന് യാതൊരു സംശയവുമില്ല. കാരുണ്യവാനായ കർത്താവ് നമ്മുടെ ബ. ജോസഫ് അച്ചന് നിത്യശാന്തി നൽകട്ടെ. വൈദിക സമൂഹത്തിൽ നിന്ന് ഒരു സഹോദരൻ കൂടി എടുക്കപ്പെടുമ്പോൾ അവരുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുവാൻ പ്രചോദനമാകട്ടെയെന്നും പ്രാർത്ഥിക്കുന്നു.

പ്രിയപ്പെട്ട പുഞ്ചപ്പുതുശ്ശേരിയച്ചാ, 56 വർഷം ദൈവജനത്തെ ശുശ്രൂഷിച്ചുകൊണ്ടാണ് അച്ചൻ കടന്നുപോകുന്നത്. ഒത്തിരി പാവപ്പെട്ടവർക്ക് ഭവനത്തിനായി ഭൂമി ദാനം നല്കികൊണ്ട് ജീവിതകാലത്തുതന്നെ അനേകർക്ക് അത്താണിയായ അച്ചനെ സ്നേഹപൂർവ്വം ഓർക്കുന്നു. പിതാവായ ദൈവത്തിന്റെ ഭവനത്തിൽ തനിക്കായി ഒരുക്കിയിരിക്കുന്ന വാസസ്ഥലത്തേക്ക് യാത്രയാകുന്ന ജോസഫ് പുഞ്ചപ്പുതുശ്ശേരിയച്ചനെ ഇനി സ്വർഗ്ഗത്തിൽ പരസ്പരം കാണാമെന്ന ഉറപ്പോടെ ഏകുന്നു എറണാകുളം-അങ്കമാലി അതിരൂപതയുടെ ആദരാഞ്ജലികൾ!

## സി. എൽസി കൊമ്പനാത്തോട്ടത്തിൽ DSHs



ഡൊറോത്തിയൻ പ്രൊവിൻഷ്യൽ ഹൗസ്,
കീഴ്മാട്, ആലുവ.

| | | |
|---|---|---|
| ജനനം | : | 08/05/1949 |
| വ്രതവാഗ്ദാനം | : | 02/02/1974 |
| മരണം | : | **25/10/2021** |

## സി. ജിൻസി പാറപ്പുറത്ത് DSHs



ഡൊറോത്തിയൻ പ്രൊവിൻഷ്യൽ ഹൗസ്,
കീഴ്മാട്, ആലുവ.

| | | |
|---|---|---|
| ജനനം | : | 01/02/1963 |
| വ്രതവാഗ്ദാനം | : | 08/02/1990 |
| മരണം | : | **23/01/2021** |

## സി. ജോസ്‌ലിൻ പൂണേലി FCC



പ്രൊവിൻഷ്യൽ ഹൗസ്, ക്ലാരപുരം, ആലുവ

| | | |
|---|---|---|
| ജനനം | : | 09/05/1956 |
| വ്രതവാഗ്ദാനം | : | 27/12/1977 |
| മരണം | : | **09/10/2021** |

## സി. ഡൊളറോസ് കൊട്ടുകാപ്പിള്ളി SD



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 03/07/1937 |
| വ്രതവാഗ്ദാനം | : | 06/01/1958 |
| മരണം | : | 24/09/2021 |

## സി. സാബ C.S.C



ചാരിറ്റി കോൺവെന്റ് മരങ്ങാടം, കറുകുറ്റി

| | | |
|---|---|---|
| ജനനം | : | 16/10/1944 |
| വ്രതവാഗ്ദാനം | : | 17/05/1967 |
| മരണം | : | 20/09/2021 |

# വാർത്തകളും വിശേഷങ്ങളും

## പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഫ്രാൻസിസ് മാർപാപ്പായെ സന്ദർശിച്ചു

2021 ഒക്ടോബർ 30-ന് ശനിയാഴ്ച രാവിലെയാണ് ഫ്രാൻസിസ് മാർപാപ്പാ ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയെ വത്തിക്കാനിൽ സ്വീകരിച്ചത്. ഇന്ത്യയുൾപ്പടെ, 19 രാജ്യങ്ങളും യൂറോപ്യൻ സമിതിയും അംഗങ്ങളായുള്ളതും 1999-ൽ രൂപം കൊണ്ടതുമായ ജി20 റോമിൽ ചേരുന്ന സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിയതാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി 2000-ത്തിലെ ജൂൺ മാസത്തിൽ വത്തിക്കാനിലെത്തി വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പായുമായി കൂടിക്കാഴ്ച നടത്തിയതിനുശേഷം ഇത് ആദ്യമായിട്ടാണ് ഇന്ത്യയുടെ ഒരു പ്രധാനമന്ത്രി പാപ്പായെ സന്ദർശിക്കുന്നത്. മാർപാപ്പയെ പ്രധാനമന്ത്രി ഇന്ത്യയിലേക്ക് ക്ഷണിച്ചു.

## കമ്പോളയുക്തിയെ ജയിക്കുക, ഐക്യദാർഢ്യ യുക്തിയെ ശക്തിപ്പെടുത്തുക: ഫ്രാൻസിസ് മാർപാപ്പ

നമ്മുടെ ഈ ഗ്രഹത്തിലെ സകലർക്കും ഗുണകരമാം വിധം ഭക്ഷ്യ സംവിധാനങ്ങളെ പരിവർത്തനം ചെയ്യുന്നതിൽ നമുക്കോരോരുത്തർക്കും തനതായ പങ്കുവഹിക്കാനുണ്ടെന്ന് ഫ്രാൻസിസ് പാപ്പാ. 2021 ഒക്ടോബർ 16-ന് ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ ലോക ഭക്ഷ്യദിനം ആചരിക്കുന്നതിനോടനുബന്ധിച്ച്, റോം ആസ്ഥാനമായുള്ള ഭക്ഷ്യ കൃഷി സംഘടനയുടെ, എഫ്. എ. ഒയുടെ (FAO) മേധാവി, കു ദോംഗ്യൂവിന് (Qu Dongyu) നല്കിയ സന്ദേശത്തിലാണ് ഫ്രാൻസിസ് പാപ്പായുടെ ഈ പ്രസ്താവനയുള്ളത്. എന്നന്നേക്കുമായി പട്ടിണി നിർമ്മാർജ്ജനം ചെയ്യുകയെന്നത് ഉത്ക്കർഷേച്ഛയാർന്ന ഒരു ലക്ഷ്യമാണെന്നും അത് നരകുലത്തിനു നേർക്കുയരുന്ന ഏറ്റവും വലിയ വെല്ലുവിളിയാണെന്നും, നമ്മുടെ ചെയ്തികളാണ് നമ്മുടെ ഭാവിയെന്നും മാർപ്പാപ്പ പറഞ്ഞു. സാമ്പത്തിക നേട്ടത്തിൽ മാത്രം കണ്ണുവയ്ക്കുകയും ആഹാരത്തെ മറ്റുവസ്തുക്കളെപ്പോലെ കണ്ട് തരം താഴ്ത്തുകയും ചെയ്യുന്ന തണുത്ത കമ്പോളയുക്തിയെ ജയിക്കുകയും ഐക്യദാർഢ്യത്തിന്റെ യുക്തിയെ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് പട്ടിണിക്കെതിരായ പോരാട്ടത്തിന് ആവശ്യമാണെന്ന് പാപ്പാ പറയുന്നു.

# വിശ്വാസപരിശീലനകേന്ദ്രം

(നവംബർ മാസത്തെ നിയോഗം: പൂർവ്വീകരുടെ സ്മരണയോടൊപ്പം

1. **ഒന്നാം സെമസ്റ്റർ പരീക്ഷ:**

ഒക്ടോബർ 03-ാം തീയതി ഞായറാഴ്ച ഒന്നാം സെമസ്റ്റർ പരീക്ഷ ഇടവകതലത്തിൽ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏറ്റെടുത്ത ബ. വികാരിയച്ചന്മാർക്കും പ്രധാനാധ്യാപകർക്കും വിശ്വാസ പരിശീലകർക്കും പ്രത്യേകം നന്ദി. 1 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെയും ഒന്നാംവർഷ ഡിപ്ളോമ ക്ലാസ്സിലെയും കുട്ടികളുടെ മാർക്കുകൾ കാറ്റിക്കോർപ്പിൽ രേഖപ്പെടുത്തണം. പത്താം ക്ലാസ്സ് കുട്ടികളുടെ പരീക്ഷയുടെ മാർക്കുകൾ ഫൊറോനയിൽ ഒക്ടോബർ 17-ാം തീയതി ഞായറാഴ്ചയും രണ്ടാംവർഷ ഡിപ്ളോമ ക്ലാസ്സിലെ കുട്ടികളുടെ പരീക്ഷയുടെ മാർക്കുകൾ ഫൊറോനയിൽ നവംബർ 06-ാം തീയതി ഞായറാഴ്ചയ്ക്കകവും നൽകേണ്ടതാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. ഈ ക്ലാസ്സുകാരുടെ പരീക്ഷയുടെ മാർക്കുകൾ മാത്രം അതിരൂപതാകേന്ദ്ര ഓഫീസിൽ നിന്നുമാണ് കാറ്റിക്കോർപ്പിൽ രേഖപ്പെടുത്തുന്നത്.

2. പരിശുദ്ധ മറിയത്തോടൊപ്പം: ഒക്ടോബർ മാസം 1-ാം തീയതി മുതൽ 31-ാം തീയതി വരെ അതിരൂപതയിലെ പരിശുദ്ധ മാതാവിന്റെ നാമധേയത്തിലുള്ള 31 ദൈവാലയങ്ങളിൽ നിന്നും Media Catechetical Ministry YouTube ചാനലിൽ ജപമാല പ്രക്ഷേപണം ചെയ്തിരുന്നു. ഈ പ്രോഗ്രാം സുഗമമായി നടത്തുന്നതിന് സഹകരിച്ച ബഹു. വികാരിയച്ചമാർക്കും പ്രധാനാധ്യാപകർക്കും വിശ്വാസപരിശീലകർക്കും കുട്ടികൾക്കും ഇടവകയിലെ മറ്റു ഭാരവാഹികൾക്കും നന്ദി.

3. പ്രൊമോട്ടേഴ്സ് ഓൺലൈൻ മീറ്റിംഗ് 11/10/2021 തിങ്കളാഴ്ച വൈകിട്ട് 6.30 മണിക്ക് നടത്തി. നവംബർ മാസത്തിൽ നടത്താനിരിക്കുന്ന SAINTS' MEET നെക്കുറിച്ചുള്ള നിർദേശങ്ങളും അറിയിപ്പുകളും നൽകി.

4. പ്രധാനാധ്യാപകരുടെ ഓൺലൈൻ മീറ്റിംഗ് ഒക്ടോബർ 11, 12 തീയതികളിൽ വൈകിട്ട് നടത്തി. 217 പേർ മീറ്റിങ്ങിൽ പങ്കെടുത്തു. നവംബർ മാസത്തിൽ നടത്താനിരിക്കുന്ന SAINTS' MEET, കാറ്റക്കിസം ടീച്ചേഴ്സ് ഡേ, വിശ്വാസപരിശീലകർക്കുള്ള BOC പ്രോഗ്രാം, ഓണക്കരുതൽ റിപ്പോർട്ട് എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു.

5. **SAINTS' MEET:** സകലവിശുദ്ധരെയും അനുസ്മരിക്കുന്ന മാസമാണല്ലോ നവംബർ മാസം. അതിനൊരുക്കമായി അതിരൂപതയിലെ ഓരോ ഇടവകയിൽ നിന്നും ഒരു വിശുദ്ധനെ/ വിശുദ്ധയെ പരിചയപ്പെടുത്തുന്ന ഒരു വീഡിയോ പ്രോഗ്രാം നടത്തുവാനുള്ള ഒരുക്കങ്ങൾ ചെയ്തിരുന്നു. ഓരോ ഇടവകയ്ക്കും ലഭിച്ചിരിക്കുന്ന വിശുദ്ധനെ/വിശുദ്ധയെ അവതരിപ്പിച്ചു കഴിയുമ്പോൾ Media Catechetical Ministry Youtube ചാനലിൽ ഓരോ ഫൊറോനയുടെ പ്രൊമോട്ടേഴ്സ് വഴി വീഡിയോകൾ അപ്പ്ലോഡു ചെയ്യേണ്ടതാണ്.

6. **കാറ്റിക്കിസം ടീച്ചേഴ്സ് ഡേ:** വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ചാൾസ് ബെറോമിയോയുടെ തിരുനാൾ ദിനം നവംബർ 4-ാം തീയതി വ്യാഴാഴ്ച അതിരൂപത വിശ്വാസ പരിശീലനകേന്ദ്രത്തിൽ നിന്നും കാറ്റിക്കിസം ടീച്ചേഴ്സ് ഡേ സന്ദേശം പ്രക്ഷേപണം ചെയ്യുന്നതാണ്. നവംബർ 4 കഴിഞ്ഞു വരുന്ന ഞായറാഴ്ച (07/11/21) ഇടവകകളിൽ സാധിക്കുന്ന വിധത്തിൽ കാറ്റിക്കിസം ടീച്ചേഴ്സ് ഡേ ആഘോഷിക്കുകയും വിശ്വാസപരിശീലകരെ ആദരിക്കുകയും ചെയ്യുന്നത് നല്ലതായിരിക്കും.

7. **സോഷ്യൽ ഔട്ട് റീച്ച്, അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാമുകൾ:** ഡിപ്ലോമ ഒന്നും രണ്ടും വിദ്യാർത്ഥികളുടെ പാഠപുസ്തകത്തിന്റെ ശീർഷകം 'ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തിലും' എന്നാണ്. നാളിതുവരെ പഠിച്ചതും പരിശീലിച്ചതുമായ വിശ്വാസത്തെ ജീവിതബന്ധിയായി പ്രവർത്തിപഥത്തിലേക്ക് എത്തിക്കുന്ന രണ്ട് പ്രവർത്തനങ്ങളാണ് സോഷ്യൽ ഔട്ട് റീച്ച് പ്രോഗ്രാമും അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാമും.

ക്രിസ്തീയ വിശ്വാസത്തിന്റെ സാക്ഷ്യവും പ്രഘോഷണവുമാണ് ഈ രണ്ടു പ്രോഗ്രാമുകളുടെയും ലക്ഷ്യം. നമ്മുടെ മനോഭാവ

ങ്ങളെ ക്രിസ്തുവിന്റെ മനോഭാവങ്ങളോട് ചേർത്ത് മറ്റുള്ളവർക്ക് ദൈവത്തിന്റെ കരുണയുടെ മുഖം കാണിച്ചുകൊടുക്കാൻ ഈ പ്രോഗ്രാമുകൾ സഹായിക്കുന്നു.

ഈ വർഷം, സോഷ്യൽ ഔട്ട് റീച്ച്, അഡോപ്റ്റ് എ ഫാമിലി എന്നീ പ്രോഗ്രാമുകളെക്കുറിച്ചും ഇവയുടെ ലക്ഷ്യങ്ങൾ, സാധ്യതകൾ, ചൈതന്യം എന്നിവയെക്കുറിച്ചും കുട്ടികളെ ബോധവൽക്കരിക്കുകയും അവരുമായി ഒരു ചർച്ച നടത്തുകയും ചെയ്യുക. ഈ ചർച്ചയിൽ നിന്നും ഉരിത്തിരിയുന്ന നല്ല ആശയങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം ഈ വർഷത്തെ ഡിപ്ലോമ കുട്ടികളുടെ രണ്ടു പ്രോഗ്രാമുകളും ഇടവകതലത്തിൽ നിശ്ചയിക്കേണ്ടത്. ഓരോ പ്രോഗ്രാമും വികാരിയച്ചന്റെയും അദ്ധ്യാപകരുടെയും ആലോചനയോടെ വേണം ക്രമീകരിക്കാൻ. ഈ പ്രോഗ്രാമുകളിലുള്ള കുട്ടികളുടെ പങ്കാളിത്തത്തേയും അതിന്റെ വെളിച്ചത്തിൽ ഓരോരുത്തരും സമർപ്പിക്കുന്ന റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിലായിരിക്കണം 25 ലുള്ള മാർക്കു നൽകേണ്ടത്. ഇതിൽ കുട്ടികൾ പങ്കെടുക്കാതിരിക്കുകയോ, പങ്കെടുത്ത കുട്ടികളുടെ മാർക്കു എന്റർ ചെയ്യാതിരിക്കുകയോ ചെയ്താൽ ഡിപ്ലോമ ഇൻകംപ്ലിറ്റ് ആയിരിക്കുമെന്നും സർട്ടിഫിക്കറ്റ് നൽകുവാൻ സാധിക്കുകയുമില്ല എന്ന കാര്യവും കുട്ടികളെയും മാതാപിതാക്കളെയും പ്രത്യേകം ഓർമ്മപ്പെടുത്തേണ്ടതാണ്. ഓരോ പ്രോഗ്രാമിനുമായി ഓരോ ഇടവകയും ചെലവിടുന്ന തുകയുടെ കണക്കും ഫൊറോന തലത്തിൽ നൽകണം.

സോഷ്യൽ ഔട്ട് റീച്ച്, അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാമുകളുടെ നടത്തിപ്പിനായി താഴെപ്പറയുന്ന നിർദേശങ്ങളും പരിഗണിക്കാവുന്നതാണ്:

a) കൊറോണ മൂലമോ മറ്റു രോഗങ്ങൾ മൂലമോ കഷ്ടതയനുഭവിക്കുന്ന രോഗികളെയോ അവരുടെ കുടുംബത്തെയോ സഹായിക്കുക.

b) സഹായം അർഹിക്കുന്ന കുട്ടികൾക്കു പഠനസഹായം നൽകുക.

c) ഭവന നിർമ്മാണം (കഴിയുന്ന സഹായം സാഹചര്യമനുസരിച്ചു നൽകാവുന്നതാണ്).

d) സാഹചര്യമനുസരിച്ചു വൃദ്ധരെയോ, വൃദ്ധസദനങ്ങളോ സന്ദർശിച്ച് സഹായം നൽകാവുന്നതാണ്.

e) അന്നദാനം (ഒരുനേരത്തെ ആഹാരം നൽകുക).

f) പുത്തനുടുപ്പ്.

8. നവംബർ മാസം മുതൽ ഗവൺമെന്റ് തലത്തിൽ സ്ക്കുളുകൾ തുറക്കുന്നതുകൊണ്ട് കാറ്റിക്കിസം സൺഡേ ക്ലാസ്സുകൾ അതത് ഇടവകയുടെ സാഹചര്യങ്ങൾ പരിഗണിച്ച് എപ്രകാരം വേണമെന്ന് തീരുമാനിക്കാവുന്നതാണ്. മിക്ക ഇടവകകളിലും ജനപങ്കാളിത്ത കുർബാനകൾ അർപ്പിക്കുന്ന സാഹചര്യത്തിൽ ഞായറാഴ്ചകളിൽ രാവിലെ 9.30 നു catechismernakulam Youtube Channel വഴി നടത്തിയിരുന്ന വി. കുർബാനയുടെ പ്രക്ഷേപണം നവംബർ മാസം 14-നു ശേഷം ഇനിയൊരറിയിപ്പു നൽകുന്നതുവരെ ഉണ്ടായിരിക്കുന്നതല്ല.

5. **വി. കുർബാന പ്രക്ഷേപണം (നവംബർ)**

ഞായറാഴ്ചകളിൽ രാവിലെ 9.30-നുള്ള വി. കുർബാന പ്രക്ഷേപണം ചെയ്യുന്ന പള്ളികളും വികാരിയച്ചന്മാരും:

നവം. 07 : നീർക്കോട്, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്
(റവ. ഫാ. എബി ഇടശ്ശേരി)

നവം. 14 : അമ്പുനാട്, സെന്റ് സെബാസ്റ്റ്യൻസ്
(റവ. ഫാ. ജിനോ ഭരണികുളങ്ങര)

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2021 November - December

## Marriage Orientation Programme (MOP) (Online)

| November | | December | |
|---|---|---|---|
| 02-03 | 16-17 | 03-04 | 17-18 |
| 05-06 | 19-20 | 10-11 | 21-22 |
| 12-13 | 26-27 | 14-15 | 28-29 |

**ബേബിഷൈൻ ധ്യാനം (ഓൺലൈൻ)**

നവംബർ 05 -07

**ദമ്പതിധ്യാനം (ഓൺലൈൻ)**

നവംബർ 19- 21

**അനുയാത്ര (ഓൺലൈൻ)**

നവംബർ 14

**ഫാമിലിഔവർ**

നവംബർ 06 യൂദിത്ത്ഫോറം
നവംബർ 20 ഗ്രെയ്സ്റിപ്പിൾസ്
നവംബർ 27 എം.സി.സി

**ട്രെയിനിംഗ് പ്രോഗ്രാം (ഫൊറോന കോർഡിനേറ്റേഴ്സ്)**

നവംബർ 13

**ഡീക്കന്മാരുടെ ധ്യാനം**

നവംബർ 09 - 15

# വിവാഹോത്സവ്

വിവാഹത്തിന്റെ 25 ഉം 50 ഉം വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതികളെ ആദരിക്കുന്ന **'വിവാഹോത്സവ്'** അതിരൂപതാതലത്തിൽ 2021 നവംബർ 7-ാം തീയതി ഓൺലൈനായി നടത്തപ്പെടുകയാണ്. അന്നേ ദിവസം രാവിലെ 10.00 മണിക്ക് ആർച്ച്ബിഷപ്പ് ആന്റണി കരിയിൽ പിതാവ് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുന്നതാണ്.

**പരിപാടികൾ**

| | |
|---|---|
| 09.30 am | - ജപമാല |
| 10.00 am | - വി. കുർബ്ബാന |
| 11.30 am | - സന്ദേശം |
| 11.45 am | - ക്ലാസ് |
| 12.30 pm | - ഫാമിലി സെലിബ്രേഷൻ |
| 12.45 pm | - ബ്ലെസ്സിംഗ് |

കുടുംബാംഗങ്ങളോടൊപ്പം ഒരുമിച്ച് ജൂബിലി ആഘോഷം അവിസ്മരണീയമാക്കുന്ന രീതിയിലാണ് ഈ വർഷത്തെ ഓൺലൈൻ പ്രോഗ്രാം തയ്യാറാക്കിയിട്ടുള്ളത്. ഏതാനും ചില നിർദ്ദേശങ്ങൾ താഴെചേർക്കുന്നു:

- ദമ്പതികൾ ആത്മീയമായി ഒരുങ്ങി ഈ പ്രോഗ്രാമിൽ പങ്കുചേരുക
- കുടുംബാംഗങ്ങൾ എല്ലാവരും വി. കുർബാനയിൽ പങ്കെടുത്ത് അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ശ്രദ്ധിക്കുക
- പ്രോഗ്രാമിന് ഇടയ്ക്ക് നിർദ്ദേശിക്കുന്ന സമയത്ത് മുറിക്കുവാനായി കേക്ക് തയ്യാറാക്കി വയ്ക്കുക
- അവരുടെ നന്മകളെ പ്രകീർത്തിച്ചുകൊണ്ട് ആശംസകൾ നേരുവാൻ മക്കളെയോ കൊച്ചുമക്കളേയോ ഒരുക്കുക

- ചെറിയ രീതിയിൽ വീട് അലങ്കരിക്കുന്നത് അഭികാമ്യമാണ്.

- ഓൺലൈനായി പങ്കെടുക്കുന്നവർ യൂട്യൂബ് ചാനൽ ആയ 'jeevalayafamilyvision'-ലൂടെ join ചെയ്യേണ്ടതാണ്

ഓരോ ഇടവകയിൽ നിന്നും സുവർണ്ണ, രജത ജൂബിലി ആഘോഷിക്കുന്ന ദമ്പതികൾക്കായി അതിരൂപതകേന്ദ്രത്തിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റും, മെമെന്റോയും നവംബർ 7-ാം തിയതിക്കു ശേഷം മാത്രമേ ലഭിക്കുകയുള്ളൂ. ഫൊറോന ആനിമേറ്റർ സിസ്റ്ററുടെ പക്കൽ നിന്നും ഇടവകകളിലേക്ക് അവ കൈപറ്റാവുന്നതാണ്. തിരുക്കുടുംബദിനാചരണത്തോടനുബന്ധിച്ചോ അല്ലെങ്കിൽ മറ്റേതെങ്കിലും സൗകര്യപ്രദമായ അവസരത്തിലോ അവ ഇടവകയിൽവിതരണം ചെയ്യാൻ ശ്രമിക്കുമല്ലോ.

### ഗ്രെയ്സ് റിപ്പിൾസ് ദമ്പതി കോൺഫറൻസ്

അതിരൂപത കുടുംബപ്രേഷിതകേന്ദ്രം എം.സി.സി. യുടെ നേതൃത്വത്തിൽ ഗ്രെയ്സ് റിപ്പിൾസ് കൂട്ടായ്മയുടെ 9-മത് ദമ്പതി കോൺഫറൻസ് 2021 ഡിസംബർ 12-ന് വൈകുന്നേരം 6.00 മുതൽ 9.00 വരെ ഓൺലൈൻ വഴി നടത്തപ്പെടുന്നു. ആർച്ച്ബിഷപ്പ് ആന്റണി കരിയിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിക്കും. '**ദമ്പതിലയത്തിനൊരു ശ്രേഷ്ഠാത്മീയത**' എന്നതാണ് വിഷയം.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# സഹൃദയ

(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## ജൽ ജീവൻ പദ്ധതിയിൽ സഹൃദയയും

സർക്കാർ നടപ്പാക്കുന്ന ജൽ ജീവൻ പദ്ധതിയിൽ നിർവഹണ ഏജൻസിയെന്ന നിലയിൽ എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ 26 ഗ്രാമപഞ്ചായത്തുകളിൽ സഹൃദയയ്ക്ക് അംഗീകാരം ലഭിച്ചു.

## 'ഏഴു നിറങ്ങൾ' ട്രാൻസ്ജെൻഡർ ഏകദിന ക്യാമ്പ്

